# ഐ.ടി. പ്രാക്ടിക്കൽ/തിയറി പരീക്ഷ 2013

നം.എ4/77912/2012/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,
തീയതി: 14/12/2012.

## സർക്കുലർ

വിഷയം:- എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2013-ഐ.ടി വിഷയത്തിന്റെ പ്രാക്ടിക്കൽ, തിയറി പരീക്ഷ നടത്തുന്നത് - സംബന്ധിച്ച് -

സൂചന:-1. 17/10/2012-ാം തീയതിയിലെ ഇഎക്സ്/സി.ജി.എൽ.(1)/68664/2012/ സിജിഇ നമ്പർ വിജ്ഞാപനം
2. 28/9/2012-ാം തീയതിയിലെ 4610/2012/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

***************

സൂചന 1 പ്രകാരം 2013 വർഷത്തെ എസ്.എസ്.എൽ.സി. ഇൻഫർമേഷൻ ടെക്നോളജി വിഷയത്തിന്റെ പ്രാക്ടിക്കൽ, തിയറി പരീക്ഷകൾ 2013 ഫെബ്രുവരി 18 മുതൽ മാർച്ച് 6 വരെയുള്ള തീയതികളിൽ നടത്തി പൂർത്തിയാക്കേണ്ടതാണ്. സൂചന 2-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ വർഷം ഐ.ടി. വിഷയത്തിന്റെ തിയറി പരീക്ഷ പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തുന്നത്. പരീക്ഷാ സെന്ററുകൾക്ക് വിതരണം ചെയ്യേണ്ട പരീക്ഷാസോഫ്റ്റ്വെയർ, പരീക്ഷാമാന്വൽ, സോഫ്റ്റ് വെയർ ഇൻസ്റ്റലേഷൻ ഗൈഡ്, യൂസർ ഗൈഡ് മുതലായവ മുൻവർഷത്തെ പോലെ പരീക്ഷാഭവനിൽ നിന്നും ഫെബ്രുവരി രണ്ടാം വാരം ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ എത്തിക്കുന്നതാണ്.

**<u>ഈ വർഷത്തെ പരീക്ഷാനടത്തിപ്പു സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ പറയുന്നു.</u>**

1. എസ്.എസ്.എൽ.സി. ഐ.ടി. പരീക്ഷക്ക് ആകെയുണ്ടായിരുന്ന 40 സ്കോർ 50 സ്കോറായി ഉയർത്തിയിട്ടുണ്ട്.

   തിയറി - 10 സ്കോർ
   പ്രാക്ടിക്കൽ - 30 സ്കോർ
   സി.ഇ. - 10 സ്കോർ

2. ഐ.ടി. വിഷയത്തിന്റെ തിയറിപരീക്ഷ പ്രാക്ടിക്കൽപരീക്ഷയോടൊപ്പം ഒബ്ജക്ടീവ് രീതിയിലുള്ള മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടുത്തി നടത്തുന്നതാണ്.

3. **പരീക്ഷാരീതിയും മൂല്യനിർണ്ണയവും:**

തിയറി പരീക്ഷയുടെ ഒബ്ജക്റ്റീവ് മാതൃകയിലുള്ള മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ സോഫ്റ്റ് വെയർ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തുന്നതാണ്. പ്രാക്ടിക്കൽ പരീക്ഷയുടെ മൂല്യനിർണ്ണയം നിലവിലുള്ളതുപോലെ അദ്ധ്യാപകർ നടത്തേണ്ടതാണ്.

4. തിയറി, പ്രാക്ടിക്കൽ പരീക്ഷകൾക്ക് ആകെ ഒന്നര മണിക്കൂർ സമയം ഉണ്ടായിരിക്കും.
5. പരീക്ഷ ആദ്യം തിയറി, അതിനുശേഷം പ്രാക്ടിക്കൽ എന്ന ക്രമത്തിൽ തുടർച്ചയായി നടത്തേണ്ടതാണ്.
6. പരീക്ഷ സമയം രാവിലെ 10 മുതൽ 12.30 വരെയും ഉച്ചക്കുശേഷം 1.30 മുതൽ 4.30 വരെയും ആയിരിക്കും. എന്നാൽ പരീക്ഷാർത്ഥികൾ കൂടുതൽ ഉള്ള സെന്ററുകളിൽ പരീക്ഷ രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ രണ്ടു സെഷനുകളായി നടത്തി പൂർത്തിയാക്കേണ്ടതാണ്. (8 മണി മുതൽ 12.30 വരെയും 12.30 മുതൽ 5.00 മണിവരെയും)
7. രണ്ടുസെഷനുകളിലുമായി പരമാവധി 6 ബാച്ചുകൾക്ക് പരീക്ഷ നടത്താവുന്നതാണ്.
8. പരീക്ഷാകേന്ദ്രത്തിലെ ഹെഡ്മാസ്റ്റർ/മിസ്ട്രസ്-നെ ചീഫ് സൂപ്രണ്ടായും തൊട്ടടുത്ത സ്കൂളിലെ ഒരു എസ്.ഐ.റ്റി യെ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായും ജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമിക്കേണ്ടതാണ്. ഇവർക്ക് രണ്ടു സെഷനിലേക്കുമുള്ള പ്രതിഫലം നൽകാവുന്നതാണ്.
9. ഇൻവിജിലേറ്റർ/എക്സാമിനർമാരായി എസ്.ഐ.റ്റി.സി., ജെ.എസ്.ഐ.റ്റി.സി.-മാർ എന്നിവരിൽ നിന്നും തെരഞ്ഞെടുത്ത് വിവിധ പരീക്ഷാസെന്ററുകളിലേക്ക് ജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമിക്കേണ്ടതാണ്. ഇപ്രകാരം നിയമിക്കുമ്പോൾ പരീക്ഷയുടെ രണ്ടു സെഷനിലും വെവ്വേറെ അദ്ധ്യാപകരാണ് ഡ്യൂട്ടി നോക്കുന്നത് എന്ന് ജില്ലാവിദ്യാഭ്യാസ ആഫീസർ ഉറപ്പാക്കേണ്ടതാണ്. ഐ.ടി. വിഷയത്തിന്റെ പരീക്ഷാജോലികൾക്ക് അദ്ധ്യാപകരെ തെരഞ്ഞെടുക്കുമ്പോൾ കമ്പ്യൂട്ടർ മേഖലയിൽ യോഗ്യത നേടിയിട്ടുള്ളവർക്ക് മുൻഗണന നൽകാവുന്നതാണ്.
10. ചീഫ്സൂപ്രണ്ട്, ഡെപ്യൂട്ടിചീഫ്സൂപ്രണ്ട്, ഇൻവിജിലേറ്റർ/എക്സാമിനർ എന്നിവരുടെ തെരഞ്ഞെടുപ്പ്, നിയമനം എന്നിവ ജനുവരി 16-നകം പൂർത്തിയാക്കേണ്ടതും വിശദാംശങ്ങൾ പരീക്ഷാഭവൻ സെക്രട്ടറിയെ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതുമാണ്. (ഇ-മെയിൽ വിലാസം cgeasection@gmail.com)
11. തിയറി പരീക്ഷയുടെ ഒബ്ജക്ടിവ് മാതൃകയിലുള്ള മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ പ്രത്യേക സോഫ്റ്റ് വെയർ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തുന്നതിനാൽ ഐ.ടി വിഷയത്തിന്റെ തിയറി പേപ്പറിനു പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ലെന്ന് പരീക്ഷ ആരംഭിക്കുന്നതിനു മുമ്പ് പരീക്ഷാർത്ഥികളെ അറിയിക്കേണ്ടതാണ്.
12. ടെക്നിക്കൽ ഹൈസ്കൂൾ, ഫിഷറീസ്, കേരള കലാമണ്ഡലം ആർട്ട് ഹൈസ്കൂളുകളിലെ പരീക്ഷാർത്ഥികൾക്കും എസ്.എസ്.എൽ.സി. ജനറൽ വിഭാഗത്തിനുള്ള പരീക്ഷാസോഫ്റ്റ്വെയർ ഉപയോഗിച്ച് തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ നടത്തേണ്ടതാണ്.

13. എസ്.എസ്.എൽ.സി.(ഹിയറിംഗ് ഇംപേർഡ്), ശാരീരിക അവശത അനുഭവിക്കുന്ന വർക്കുള്ള സംയോജിത വിദ്യാഭ്യാസ സ്കീമിൽ (ഐ.ഇ.ഡി സ്കീം) പെടുന്ന കേൾവി കുറവുള്ള (ഹിയറിംഗ് ഇംപേർഡ്)പഠനവൈകല്യമുള്ള(ലേണിംഗ് ഡിസേബ്ൾഡ്) അസ്ഥി സംബന്ധമായ വൈകല്യം (ഓർത്തോപീഡിക്കലി ഹാൻഡികേപ്ഡ്) വിദ്യാർത്ഥികൾ എന്നിവർക്കുള്ള ഐ.ടി. വിഷയത്തിന്റെ തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ജനറൽ വിഭാഗത്തിലെ പരീക്ഷാർത്ഥികൾ ഉപയോഗിക്കുന്ന പരീക്ഷാസോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നടത്തേണ്ടത്.

14. സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി)യിൽ പെടുന്ന കാഴ്ച വൈകല്യമുള്ള (വിഷലി ഇംപേർഡ്), വിഭാഗത്തിലുള്ള പരീക്ഷാർത്ഥികളുടെ തിയറി പരീക്ഷ എസ്.എസ്.എൽ.സി. ജനറൽ വിഭാഗത്തിനുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ച് സ്ക്രൈബിന്റെ സഹായത്താലും പ്രാക്ടിക്കൽ പരീക്ഷ പരീക്ഷാഭവനിൽ നിന്നും ലഭ്യമാക്കുന്ന പ്രത്യേക ചോദ്യപേപ്പർ ഉപയോഗിച്ചും നടത്തേണ്ടതാണ്.

15. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ സംശയങ്ങൾ ഒഴിവാക്കുന്നതിന് സൗകര്യപ്രദമായ ഒരു സ്കൂൾ ജില്ലാവിദ്യാഭ്യാസ ആഫീസർ തെരഞ്ഞെടുത്ത് ഒരു മാസ്റ്റർ ട്രെയിനറുടെ ചുമതലയിൽ ഹെൽപ് ഡെസ്ക് ആരംഭിക്കുകയും പരീക്ഷ കാലയളവിൽ എല്ലാദിവസവും ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

16. പരീക്ഷ സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി **0471-2546832, 2546833, 9447856360** (സിസ്റ്റംമാനേജർ, പരീക്ഷാഭവൻ), **9496254438**(സാംബശിവൻ, മാസ്റ്റർ ട്രെയിനർ, ഐ.ടി.@സ്കൂൾ പ്രോജക്ട് ഓഫീസ്, പൂജപ്പുര) എന്നീ ഫോൺ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

(ഒപ്പ്)

**സെക്രട്ടറി**

**എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും**